കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി8)1845/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail. dotsr.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

Ph.No. 0487-2331249

തിയ്യതി. 27.10.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 .സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-20 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ(പി8)1845/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail. dotsr.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in
Ph.No. 0487-2331249

തീയതി. 27.10.2016

**തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.07.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 11.12.2015 മുതൽ 31.07.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പൊർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും മാർച്ച് /2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരേശാധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 01.03.2016 മുതൽ 31.03.2016 വരെ | 15337 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

| ക്രമ നം | ഭാഗം-II | ഖണ്ഡിക |
|---|---|---|
| 1 | 2-1 | രശീതി പുസ്തകം പരിശോധനക്ക് ലഭ്യമാക്കിയില്ല |
| 2 | 2-2 | ടെണ്ടർ ഫോം വിൽപന-തുക പഞ്ചായത്തിന് ലഭ്യമായില്ല. |
| | | ഭാഗം-III |
| 4 | 3-1 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം |
| 5 | 3-2 | പദ്ധതി ചെലവ് നിരീക്ഷിക്കൽ |
| 6 | 3-3 | സർക്കാർ നിർദ്ദേശം പാലിച്ചില്ല. |
| 7 | 3-4 | സർക്കാർ ഉത്തരവ് പാലിച്ചില്ല-പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. |
| 8 | 3-5 | പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചില്ല-ഫൈൻ ഈടാക്കിയില്ല |
| 9 | 3-6 | പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്ക് ലാപ്ടോപ് വാങ്ങിയത് -മാനദണ്ഡങ്ങൾ പാലിച്ചില്ല. |
| 10 | 3-7 | റോഡ് കോൺക്രീറ്റിംഗ്-DAR ൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചു |
| 11 | 3-8 | ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റുണ്ടാക്കിയത് ക്രമപ്രകാരമല്ല |
| 12 | 3-9 | ചെറായി സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം-അപാകതകൾ |
| 13 | 3-10 | എസ്റ്റിമേറ്റ് ഉണ്ടാക്കിയത് ശരിയായ രീതിയിലല്ല |

| | | |
|---|---|---|
| 14 | 3-11 | അംഗീകൃത ക്ലബ്ബുകൾക്കും സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണം- അപാകതകൾ |
| 15 | 3-12 | വൃദ്ധർക്ക് പകൽവീടിന് ചെലവ്(S043/16)--- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. |
| 16 | 3-13 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 17 | 3-14 | ആശ്രയ പദ്ധതി-ഫലവത്താകുന്നില്ല. |
| 18 | 3-15 | എം എൻ ലക്ഷം വീട് -- തുക മുഴുവനായും ചെലവഴിച്ചിട്ടില്ല. |
| 19 | 3-16 | ക്ഷേമപെൻഷൻ -- രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല |
| 20 | 3-17 | പ്രൊഡക്ഷൻ ബോണസ് വിതരണം ചെയ്തിട്ടില്ല |
| 21 | 3-18 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം. /തിയ്യതി | (പുതുക്കിയത്) |
|---|---|
| 26.03.2015 ലെ 3 (1) ാം നം തീരുമാനം | ഇല്ല |

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻഡ് | വ്യത്യാസം (-)/(+) |
|---|---|---|---|
| കെട്ടിട നികുതി | 5900000 | 2749582 | 3150418 |
| തൊഴിൽ നികുതി | 16,00,000 | 1200960 | 399040 |
| വാടക | 30000 | 11000 | 19000 |
| പരസ്യം | - | - | - |
| ഡി.ആന്റ്.ഒ. ലൈസൻസ് | 55000 | 51420 | 3580 |
| വിനോദ നികുതി | - | | |
| പെർമിറ്റ് ഫീ | 300000 | 87740 | 212260 |
| സേവന നികുതി | - | | |
| ലേലങ്ങൾ | - | 1717000 | 1717000 |

പലയിനങ്ങളിലും യഥാർത്ഥ ഡിമാൻഡ് ബജറ്റ് തുകയേക്കാൾ വലിയ വ്യതിയാനം കാണുന്നു. ബജറ്റ് 2015-16-ൽ പുതുതായി ധനസ്രോതസ്സുകൾ ഉൾപ്പെടുത്തിയിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2015-16 വർഷത്തെ വാർഷിക കണക്കിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്തിന്റെ നാളിതുവരെയുള്ള ആസ്തി ബാധ്യതാവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31365524 |
| വരവ് | 43274453 |
| ആകെ | 74639977 |
| ചെലവ് | 58272808 |
| നീക്കിയിരിപ്പ് | 16367169 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3137860 | 9647297 | 12785157 | 12785157 | | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 2498198 | 4913888 | 7412086 | 7412086 | 2048198 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 19000 | 19000 | 19000 | 0 | 0 |
| *സംരക്ഷണ ഗ്രാന്റ് (റോഡ്) | 1446763 | 5632970 | 7079733 | 7299218 | | 0 |
| *സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1704404 | 1436441 | 3140845 | 2921360 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2741884 | 8019552 | 10761436 | 10761436 | 3672542 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 3518810 | 3001715 | 6520525 | 6520525 | 3518810 | 0 |

*സംരക്ഷണ ഗ്രാന്റ് (റോഡ്)ലെ ബാലൻസ് തുക 219485/-രൂപ റോഡിലേക്ക് ചെലവ് വച്ചിട്ടുണ്ട്.

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 162 | 118 | 16 | 28 | 73 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 16 | 8244922 | 3267840 | 39.63 |
| കൃഷിഓഫീസർ | 5 | 4 | 2491336 | 2413542 | 96.88 |
| വെറ്ററിനറി സർജൻ | 11 | 10 | 3434055 | 3392595 | 98.79 |
| വി ഇ ഒ | 7 | 6 | 7477500 | 2615000 | 34.97 |
| എ ഇ | 73 | 65 | 30147061 | 25257294 | 83.78 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 9 | 4359925 | 41151625 | 95.22 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 2 | 2 | 349894 | 349894 | 100 |
| ഹെഡ് മാസ്റ്റർ | 7 | 7 | 1211996 | 1110787 | 91.65 |
| അസി.സെക്രട്ടറി | 9 | 7 | 4028184 | 2416984 | 60 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 45000 | 45000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 571641 | 571641 | 100 |

| | | | | | |
|---|---|---|---|---|---|
| എൽ വി ഇ ഒ | 5 | 5 | 5120831 | 960831 | 18.76 |

1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5405844 | 3945684 | 1460160 | 27.09(-) |
| നികുതിയേതര വരവുകൾ | 336693 | 661592 | 324899 | 96.59(+) |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 4511488 | 208984 | 42164 | 53.7(-) |
| ആകെ | 6193685 | 4816260 | 1377425 | 22.22(-) |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾ പ്പെടുത്തിയിട്ടുണ്ട്

1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 19 | 17 | 2 | |
| 2 | തൊഴിൽ രഹിത വേതനം | 20 | 13 | 7 | |
| 3 | വിധവാ പെൻഷൻ | 113 | 104 | 4 | |
| 4 | വികലാംഗ പെൻഷൻ | 20 | 18 | 2 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17 | 9 | 8 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 351 | 263 | 54 | |

(അപാകതകൾ പരാമർശിയ്ക്കുക.)

1-9ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 15109 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26.09.2016 മുതൽ 27.09.2016 വരെ | 08/2016 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 05.03.2014 മുതൽ 19.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 20.05.14 | |

1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

2 നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പുസ്തകം പരിശോധനക്ക് ലഭ്യമാക്കിയില്ല

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ രസീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 25.05.15 ന് 10052 നം രസീതി ബുക്ക് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകി. എന്നാൽ ഈ രസീതി ബുക്ക് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. കളക്ഷൻ രജിസ്റ്റർ പ്രകാരം 29 നം രസീതി വരെ ഉപയോഗിച്ചതായി കാണുന്നു.വരവ് അടവാക്കിയിട്ടുണ്ട്.ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.(എൻക്വയറി നം. 14/18.10.16)

## 2-2 ടെണ്ടർ ഫോം വിൽപന-തുക പഞ്ചായത്തിന് ലഭ്യമായില്ല.

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ പഞ്ചായത്തിന് ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം./പേര് | അടങ്കൽ | ടെണ്ടർ ഫോം വില | തുക |
|---|---|---|---|---|
| 1. | 100/16-തങ്ങൾപടി കെട്ടുങ്ങൽ മൂവിംഗ് ബ്രിഡ്ജ് നിർമ്മാണം | 2000000 | 5250 | 5250 |
| 2. | 76/16-ദ്വാരക റോഡ് മെറ്റലിംഗ്,ടാറിംഗ് | 650000 | 1365 | 1365 |
| 3. | 67/16-വെറ്ററിനറി ആശുപത്രി റോഡ് റീടാറിംഗ്. | 550000 | 1155 | 1155 |
| 4. | മാവിൻചുവട് നാക്കോല റോഡ് റീടാറിംഗ് പൂർത്തീകരണം | 537965 | 1155 | 2x1155=2310 |
| | ആകെ | | | 10080 |

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം

നിർവഹണം --ഫണ്ട്

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥർ | മേഖല ചുമതലകൾ | പ്രോജക്റ്റുകളുടെ എണ്ണം | നിർവഹണം നടത്തിയ പ്രോജക്റ്റുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | കണക്കുകൾ രേഖകൾ തയ്യാറാക്കൽ | 30 | 15 | 8796857 | 3267840 | 37.15 | |
| 2 | കൃഷി ഓഫീസർ | കൃഷിയും അനുബന്ധ മെഖലകളും | 5 | 4 | 7867500 | 2414792 | 30.69 | |
| 3 | വെറ്ററിനറി സർജൻ | മൃഗസംരക്ഷണം, ക്ഷീരവികസനം | 11 | 9 | 3555177 | 1735092 | 48.80 | |
| 4 | വി ഇ ഒ | ചെറുകിട വ്യവസായം | 12 | 3 | 13161666 | 3552500 | 26.99 | |
| 5 | വി ഇ ഒ, അസി. സെക്രട്ടറി | പട്ടികജാതി വികസനം | 9 | 7 | 4128184 | 2416984 | 58.55 | |
| 6 | എ ഇ | പൊതുമരാമത്ത് | 73 | 52 | 28658577 | 10589912 | 36.95 | |
| 7 | എഇ | കുടിവെള്ളം,ശുചിത്വം | | | | | | |
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | സാമൂഹ്യക്ഷേമം | 10 | 8 | 4359925 | 4151625 | 95.22 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9 | ഐസിഡി എസ് സൂപ്പർവൈസർ | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | - | - | - | - | - | - |
| 10 | മെഡിക്കൽ ഓഫീസർ | ആരോഗ്യം | 4 | 3 | 971641 | 921535 | 94.84 | |
| 11 | ഹെഡ് മാസ്റ്റർ | വിദ്യാഭ്യാസം | 7 | 7 | 1211996 | 1110787 | 91.65 | |
| 12 | അസി.സെക്രട്ടറി | ദാരിദ്ര്യലഘൂകരണം | - | - | - | - | - | - |

കുടിവെള്ളം,ശുചിത്വം, ദാരിദ്ര്യലഘൂകരണം ,സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമംഎന്നീ മേഖലകളിൽ പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടില്ല.

## 3-2 പദ്ധതി ചെലവ് നിരീക്ഷിക്കൽ

| ക്രമനം. | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 13706925 | 11692050 | 85.30 |
| 2 | എസ് സി പി | 7633555 | 5363888 | 70.27 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7092598 | 7088894 | 99.95 |
| 4 | ലോകബാങ്ക് | 3515903 | 3001715 | 85.38 |
| 5 | ടി എസ് പി | 19000 | 19000 | 100 |
| 6 | കേന്ദ്രസഹായം | 700000 | 667170 | 95.31 |
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 4043404 | 2921360 | 72.25 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7436763 | 7299218 | 98.15 |
| 9 | തനത് ഫണ്ട് | 5627726 | 866838 | 15.40 |
| 10 | ബ്ലോക്ക് വിഹിതം | 75000 | 75000 | 100 |
| 11 | ജില്ലാപഞ്ചായത്ത് വിഹിതം | 1469643 | 200000 | 13.61 |
| 12 | മറ്റുള്ളവ | 16161828 | 7357897 | 45.53 |
| | ആകെ | 67482345 | 46553030 | 68.99 |

ലഭ്യമായ തുക സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല. ബ്ലോക്ക് വിഹിതം മാത്രമാണ് 100% ചെലവഴിക്കാൻ സാധിച്ചത്. ക്രമനം. 1മുതൽ 5 വരെയുള്ളവയുടെയും 7, 8 എന്നിവയുടേയും കാര്യത്തിൽ 2015-16 വർഷത്തിൽ

ചെലവഴിച്ചതിനു ശേഷമുള്ള നീക്കിയിരിപ്പ് സാങ്കേതികമായി lapse ആയിട്ടുണ്ട്.

## 3-3 സർക്കാർ നിർദ്ദേശം പാലിച്ചില്ല.

28/11/12-ലെ Circular No. 68228/FM.1/2012 LSGD പ്രകാരം പഞ്ചായത്ത് റോഡുകളിൽ നിലവിൽ അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തശേഷമേ മെയിന്റനൻസ് ഫണ്ട് (റോഡ്) മെറ്റലിംഗ്, ടാറിംഗ്,കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാവൂ. എന്നാൽ ഇതിനു വിരുദ്ധമായി ഇത്തരമൊരു തീരുമാനത്തിന്റെ അഭാവത്തിലും പഞ്ചായത്തിൽ നിരവധി റോഡ് നിർമ്മാണപ്രവൃത്തികൾ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയിട്ടുണ്ട് . ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 സർക്കാർഉത്തരവ് പാലിച്ചില്ല-പഞ്ചായത്തിന് നഷ്ടം സംഭവിച്ചു.

30/4/15-ലെ G.O.(Rt)No.1288/2015/LSGD ഉത്തരവു പ്രകാരം 5 ലക്ഷമോ അതിലധികമോ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യേണ്ടതാണ്. എന്നാൽ 2015-16 വർഷത്തിൽ നടപ്പാക്കിയ നിരവധി പ്രവൃത്തികളിൽ മേലുത്തരവ് പാലിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നം. | അടങ്കൽ | ചെലവ് വിവരം |
|---|---|---|---|
| 1. | 69/16-പുന്നക്കാവ്-തൃപ്പറ്റ് റോഡ് റീടാറിംഗ് | 500000 | ട്രഷറി ബിൽ നം.41/29-2-16 |
| 2. | 60/16-എള്ളൂരകായിൽ റോഡ് റീടാറിംഗ് | 500000 | ട്രഷറി ബിൽനം.39/29-2-16 |
| 3. | 142/16-മാനവീയം റോഡ് റീടാറിംഗ് | 500000 | ട്രഷറി ബിൽനം 31/30-1-16 |
| 4. | 77/16-അൽ അമീൻ റോഡ് മെറ്റലിംഗ് &ടാറിംഗ് | 500000 | ട്രഷറി ബിൽനം51&52/15-3-16 |

2015-16 വർഷത്തിൽ 9 പ്രവൃത്തികളിൽ മേൽപ്രകാരം ഇ-ടെണ്ടർ ഒഴിവാക്കിയിട്ടുണ്ട്. അതേസമയം ഇ-ടെണ്ടർ നടത്തിയ "പ്രോജക്റ്റ് നം. 76/16-ദ്വാരക റോഡ് മെറ്റലിംഗ്&ടാറിംഗ്" എന്ന പ്രവൃത്തി 8.7% ടെണ്ടർ കുറവിനും, പ്രോജക്റ്റ് നം.169/16-"മാവിൻചുവട് നാക്കോല റോഡ് റീടാറിംഗ്" എന്ന പ്രവൃത്തി 9.3% ടെണ്ടർ കുറവിനുമാണ് കരാർ നൽകിയത്.മേൽകാണിച്ച പ്രകാരം 5ലക്ഷം രൂപയുടെ 9 പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയിരുന്നെങ്കിൽ ടെണ്ടർ കുറവ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന ലാഭം നഷ്ടപ്പെടുകയാണുണ്ടായത്. ഇക്കാര്യത്തിൽ ആവശ്യമായ വിശദീകരണം നൽകേണ്ടതാണ്.

## 3-5 പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചില്ല-ഫൈൻ ഈടാക്കിയില്ല

താഴെ കാണിച്ച പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയതായും കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | അടങ്കൽ | എഗ്രിമെന്റ് തീയ്യതി | പൂർത്തീകരിക്കേണ്ട തീയ്യതി | പൂർത്തീകരിച്ച തീയ്യതി |
|---|---|---|---|---|---|
| 1. | 101/15-ചങ്ങാടം റോഡ് മെയിന്റനൻസ് | 410000 | 18/12/14 | 31/3/15 | 17/7/15 |
| 2. | 97/15-സുജായി മൊയ്തു മുസ്ലിയാർ റോഡ് ടാറിംഗ് | 350000 | 9/12/14 | 31/3/15 | 24/11/15 |
| 3. | 94/15-അറഫാത്ത് റോഡ് മെറ്റലിംഗ്&ടാറിംഗ് | 498000 | 16/12/14 | 31/3/15 | 3/3/16 |
| 4. | 157/15-തങ്ങൾപടി കെട്ടുങ്ങൽ മൂവിംഗ് ബ്രിഡ്ജ് നിർമ്മാണം. | 2000000 | 17/9/15 | 31/3/16 | ഇനിയും പൂർത്തീകരിച്ചിട്ടില്ല |

കരാർ വ്യവസ്ഥ 7 പ്രകാരം കാലതാമസം വരുത്തിയ ആദ്യ 3 മാസത്തിന് കരാർ തുകയുടെ 1% തുകയും തുടർന്നുള്ള ഓരോ

3 മാസത്തിനും കരാർ തുകയുടെ 2% തുക എന്ന രീതിയിൽ ഫൈൻ ഈടാക്കേണ്ടതാണ്. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്ക് ലാപ്ടോപ് വാങ്ങിയത് -മാനദണ്ഡങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നം. – 33/29.02.2016 രൂപ 388802/-

ലോക ബാങ്ക് സഹായമുപയോഗിച്ച് 2015-16 വർഷത്തിൽ പഞ്ചായത്തിൽ നടപ്പാക്കിയ പ്രോ.നം. 114/16-"പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തലും സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷനും" എന്ന പദ്ധതിയിൽപ്പെടുത്തി പ്രസിഡണ്ട്,സെക്രട്ടറി എന്നിവർക്ക് ലാപ്ടോപ് വാങ്ങി നൽകുകയുണ്ടായി. എന്നാൽ 5/4/13-ലെ 915/13/LSGD നം. ഉത്തരവു പ്രകാരം പ്രസിഡണ്ട്,സെക്രട്ടറി എന്നിവർക്ക് ലാപ്ടോപ് വാങ്ങുന്നതിന് തനതുഫണ്ട് അല്ലെങ്കിൽ ജനറൽ പർപ്പസ് ഗ്രാന്റ് ആണ് ഉപയോഗിക്കേണ്ടത്. ആയതിനാൽ ലോക ബാങ്ക് ഫണ്ട് ഉപയോഗിച്ച് ലാപ്ടോപ്പ് വാങ്ങിയത് ക്രമപ്രകാരമല്ല. ആയതിന് ചെലവഴിച്ച 91350/- രൂപയുടെ ചെലവ്(43500x2+VAT5%) തടസ്സപ്പെടുത്തുന്നു.

## 3-7 റോഡ് കോൺക്രീറ്റിംഗ്-DAR ൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചു

2015-16 വർഷത്തിൽ DSR 2014 നിരക്കുകൾ പ്രകാരം നിർവ്വഹിച്ച റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ DAR Chapter 16 ഇനം 42 പ്രകാരം ഒറ്റ ഇനമായി 1:2:4കോൺക്രീറ്റിംഗ് നടത്തേണ്ടതിനു പകരം ആദ്യം 1:4:8 (using 40mm broken stone)ഉം, പിന്നീട് അതിനുമുകളിൽ 1:2:4 കോൺക്രീറ്റിംഗും നടത്തുകയാണുണ്ടായത്. ഇത് ശരിയായ നടപടിക്രമമല്ല. മേലിൽ ഇത്തരം പ്രവൃത്തികളിൽ DAR കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റുണ്ടാക്കിയത് ക്രമപ്രകാരമല്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (G.O.MS.362/13/LSGDDt.16-11-13) ഒരു കെട്ടിട നിർമ്മാണ പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം നിർബന്ധമായും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കണം. എന്നാൽ ഇതിനു വിരുദ്ധമായി ഭാഗികമായി എസ്റ്റിമേറ്റ് ഉണ്ടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.പ്രോജക്റ്റ് നം. 79/16-പനന്തറ പട്ടികജാതി കോളനി അടിസ്ഥാന സൗകര്യവികസനം എന്ന പദ്ധതിയിൽ (കുടിവെള്ള പദ്ധതി) ഇലക്ട്രിഫിക്കേഷൻ, വാട്ടർടാങ്ക് നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല.

2. പ്രോജക്റ്റ് നം.93/16-ശ്മശാനം നവീകരണം എന്ന പദ്ധതിയ്ക്കായി 3940000/- രൂപ നാളിതുവരെ ചെലവഴിച്ചുവെങ്കിലും ഗ്യാസ് കണക്ഷൻ, കറന്റ് കണക്ഷൻ എന്നിവ ഉൾപ്പെടുത്താത്തതിനാൽ നാളിതുവരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല.

3. .80/16-പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പദ്ധതിയിൽ ഫ്ളോറിംഗ്, ഇലക്ട്രിഫിക്കേഷൻ,കിച്ചൺ എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.എസ്റ്റിമേറ്റിൽ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ചെറായി സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം-അപാകതകൾ

പ്രൊജക്ട് നമ്പർ :എസ് 156/16

അടങ്കൽ : രൂ.,2,00,000/- (പൊതുവിഭാഗം-സേവനമേഖല)

ചെലവ് : രൂ.,2,00,000/-

ബിൽ നമ്പർ : 6/15-16 തിയ്യതി 26.03.2016

ഹെഡ് മാസ്റ്റർ ,ഗവൺമെന്റ് എൽ.പി.എസ് പുന്നയൂർക്കുളം,നിർവഹണോദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം , ഈ പദ്ധതിയുടെ പൂർത്തികരണത്തിനായി രൂപീകരിച്ച പ്രോക്യുവർ കമ്മിറ്റിയുടെ

22/02/2016-ലെ തീരുമാനപ്രകാരം Thrissur Wholesale Co-operative Consumer Store-ൽ നിന്നും ചെറായി,-ഗവൺമെന്റ് യു.പി.എസ്-ന് വേണ്ടി താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

1. LCD Projector-1

2. Instalation-1

3. Intractive Board-1

4. Laptop-1

5. UPS-1

6. Ceiling Fan-1

7. GreenBoard-1

8. Desk and bench with book provision and back rest-1

ഈ പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) സ.ഉ (സാധാ) 679/2012/ത.സ്വ.ഭ.വ തീ.06-03-2012 ലെ നിർദ്ദേശമനുസരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖ പ്രകാരം യു.പി സ്കൂളുകൾക്ക് ഐ.ടി.ഉപകരണങ്ങൾ വാങ്ങി നൽകുവാനാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നത്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവുകൾ ( നമ്പർ എൻ.ഇ.പി3/80821/07/ഡി.പി.ഐ തിയ്യതി 15-02-2012 & നമ്പർ എൻ.ഇ.പി3/80821/07/ഡി.പി.ഐ തീ. 28-03-2012 ) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന എൽ.സി.ഡി.പ്രൊജക്ടർ, യു.പി.എസ്, ലാപ്പ്ടോപ്പ്, എന്നിവയുടെ വില, സ്പെസിഫിക്കേഷൻ,മറ്റ് നിബന്ധനകൾ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ബി) ജി.ഒ (എം. എസ്) 168/2007/ത.സ്വ.ഭ.വ തിയ്യതി 25-06-2007 ലെ നിർദ്ദേശമനുസരിച്ച് ഡി ജി എസ് &ഡി നിരക്കിൽ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങാവുന്നതാണെന്ന് ഉത്തരവുള്ളതാണ്.എന്നാൽ ടെണ്ടർ കൂടാതെ നേരിട്ട് നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ മാത്രം സർക്കാർ അനുമതി നൽകിയിട്ടുള്ള Thrissur Wholesale Co-operative Consumer Store എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടി ക്രമം പാലിക്കാതെ ഇത്തരം സാധങ്ങൾ നേരിട്ട് വാങ്ങിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

സി)ഈ പ്രോജക്ട് പ്രകാരം ബിൽ നം C/251/16 തീയ്യതി 19/03/2016,രൂ.,2,00,000/-രൂ.,2,00,000/-പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവായ സംഖ്യ രൂപ 2,00,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 എസ്റ്റിമേറ്റ് ഉണ്ടാക്കിയത് ശരിയായ രീതിയിലല്ല

ചമ്മണൂർ PHC യുടെ തകർന്നുവീണ ചുറ്റുമതിലിന്റെ മുൻഭാഗവും പിൻഭാഗവും പുനർനിർമ്മിക്കുന്നതിനായി 2015-16 ൽ project No.83/16 ആയി തുക വകയിരുത്തിയിരുന്നു. എസ്റ്റിമേറ്റിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

1.തറ കീറൽ

2. DR Masonry

3. RR Masonry

4.C.C.1:2:4 over RR masonry

എന്നാൽ പ്രവൃത്തി ചെയ്തപ്പോൾ ഇനം 1,2,4 എന്നിവ ഒഴിവാക്കിയിട്ടുണ്ട്.
താഴെ പറയുന്നവയിൽ വിശദീകരണം നൽകേണ്ടതാണ്.

1. എസ്റ്റിമേറ്റ് റിപ്പോർട്ട്,സ്കെച്ച് എന്നിവ എസ്റ്റിമേറ്റിനോടൊപ്പമില്ല.

2. ഇടിഞ്ഞുവീണ മതിൽ പുനർനിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എങ്കിൽ ഇനം 1,2,3,4 എന്നിവ

നൽകാനുണ്ടായ കാരണം

3. നിലവിൽ തറയുണ്ടായിരുന്നുവെങ്കിൽ ഇനം 3 ചെയ്യാനും ഇനം 4 ചെയ്യാതിരിക്കാനുമുണ്ടായ കാരണം

4. ഇടിഞ്ഞുവീണ മതിലിന്റെ ഉപയോഗയോഗ്യമായ സാധനങ്ങൾ എന്തുചെയ്തുവെന്നുള്ള വിവരം

5. 15-16 വർഷത്തിൽ ഇതേ പേരിൽതന്നെ (Project No.126/16-PHC Compound wall construction) മറ്റൊരു പ്രവൃത്തി കൂടി നിർവ്വഹിച്ചതായി കാണുന്നു. ആദ്യ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്,സ്കെച്ച്

എന്നിവയില്ലാത്തതിനാൽ രണ്ടാമത്തെ പ്രവൃത്തിയിൽ duplication നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

# 3-11 അംഗീകൃത ക്ലബ്ബുകൾക്കും സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണം- അപാകതകൾ

പ്രോജക്റ്റിന്റെ പേര്- അംഗീകൃത ക്ലബ്ബുകൾക്കും സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണം.

പ്രോജക്റ്റ് നം.- എസ് 118/16(പൊതുവിഭാഗം-സേവനമേഖല)

നിർവഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ ,ഗവൺമെന്റ്എൽ.പി സ്കൂൾ, പുന്നയൂർക്കുളം.

അടങ്കൽ : രൂ.,145000/-(പൊതുവിഭാഗം-സേവനമേഖല)

ചെലവ് : രൂ.,1,00,000/-(ബിൽ നം. 7/15-16 തിയ്യതി 26.03.16)

5 സ്കൂളുകൾക്കും 40 അംഗീകൃത ക്ലബ്ബുകൾക്കുമായി സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രോജക്റ്റിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

I)ധനസഹായം ലഭിച്ച താഴെ പറയുന്ന 4 ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ ഇല്ല.

1.ഗ്രാമസ്വരം സാംസ്കാരിക സമിതി, മന്ദലാംകുന്ന്.

2.വാരിയേഴ്സ്, ആർട്സ് & സ്പോർട്സ് ക്ലബ്ബ്,പുന്നക്കാവ്.

3.യുവധാര കലാസാംസ്കാരിക വേദി, അണ്ടത്തോട്

4.തനിമ കലാകായികസാംസ്കാരികനിലയം

II)ധനസഹായം അനുവദിച്ച് നൽകിയ 25ക്ലബ്ബുകളിൽ 18 ക്ലബ്ബുകളുടെ രജിസ്ട്രേഷൻ പുതുക്കിയത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് 17/10/2016-ൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറക്ക് ഹാജമാക്കുന്നതാണെന്ന് അറിയിച്ചിരുന്നു. ഇതോടൊപ്പം 4 ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളും ഹാജരാക്കിയില്ല. എന്നാൽ പ്രസ്തുത രേഖകൾ ബന്ധപ്പെട്ട ക്ലബ്ബുകളുടെ ലെറ്റർ ഹെഡിലുള്ള സാക്ഷ്യപത്രം മാത്രമാണ്. മേലിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ധനസഹായം അംഗീകൃത ക്ലബ്ബുകൾക്ക് മാത്രം ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-12 വൃദ്ധർക്ക് പകൽവീടിന് ചെലവ്(S043/16)--- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

നിർവഹണഉദ്യോഗസ്ഥൻ -- ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ -- 150000 (വികസനഫണ്ട്)

പഞ്ചായത്ത് സ്വന്തമായി പകൽവീട് നടത്തുന്നില്ല.ആയതിന് കെട്ടിടമോ,മറ്റ് അനുബന്ധസൗകര്യമോ ഇല്ല. വയോജനക്ഷേമം പരിപാടിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് പരിധിയിലുള്ള ഒരു സ്വകാര്യക്ലബ്ബുമായി (കാസ്കോ ജനസേവനസമിതി)കരാർ വച്ച് പഞ്ചായത്ത് പരിധിയിലെ വൃദ്ധർക്ക് ഭക്ഷണം,മറ്റ് പരിചരണം എന്നിവക്ക് ധനസഹായം നൽകുകയാണ്.

ചെലവിന്റെ വിവരം

| ബിൽ നം,തുക | ഡിഡി നം | ചെലവ് |
|---|---|---|
| 13/17.3.16---37000 | 620520/17.3.16 | ആർട്ട്കോ യിൽ നിന്ന് 50 കസേര വാങ്ങി |
| 20/31.3.16--43530 | 386172/6.4.16--- 5130 | കാസ്കോ ജനസേവനസമിതിക്ക് രണ്ട് ദിനപ്പത്രത്തിന്റെ വാർഷികവരിസംഖ്യ |
| | 386173/6.4.16---19200 | കദീജ,വലിയവീട്ടിൽ(ആയ) |
| | 386174/6.4.16---19200 | ശാന്ത(ആയ) |

ആഴ്ചയിൽ രണ്ട് ദിവസം ജനസേവനസമിതി വൃദ്ധർക്ക് വാഹനത്തിൽ സമിതിയുടെ കെട്ടിടത്തിൽ എത്തിക്കുന്നു എന്നാണ് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചത്.ആയതിന് പരിചരണത്തിനായി രണ്ട് ആയമാരെ പഞ്ചായത്ത് ഭരണസമിതി ദിവസവേതനത്തിന് നിയമിച്ചിട്ടുണ്ട്.പ്രതിദിനം 200 രൂപ വീതം ആഴ്ചയിൽ 2 ദിവസം മാസം 1600രൂപ 12 മാസത്തേക്ക് ആണ് മേൽതുക നൽകിയത്.

അപാകതകൾ

1.ക്ലബുമായുള്ള കരാറിൽ കാലാവധി നിശ്ചയിച്ചിട്ടില്ല.

2. ക്ലബ് നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരം -- എത്ര വയോജനങ്ങൾ,ഏതു രീതിയിൽ നടത്തുന്നു,ഏതു ദിവസങ്ങളിൽ എന്നിങ്ങനെയുള്ള വിവരങ്ങൾ പഞ്ചായത്തിനെ അറിയിക്കുന്നില്ല.

3.വികസനഫണ്ടിൽ നിന്ന് ശമ്പളം നൽകുവാൻ പാടില്ല.(ജി.ഒ(എം.എസ്) 362/2013 തസ്വഭവ തിയതി.16.11.13)

4.എന്തു മാനദണ്ഡപ്രകാരമാണ് ആയമാരെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല.ആയതിന് സർക്കാർ ഉത്തരവ് ഇല്ല.

കൃത്യമായി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-13 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം -- S132/16 – പട്ടികജാതിക്കാർക്ക് ഭവനപദ്ധതി

നിർവഹണഉദ്യോഗസ്ഥൻ --- വി ഇ ഒ

2011-- 12 ൽ അടങ്കൽ 1650000/- ആയി ആരംഭിച്ച ഈ പദ്ധതിക്ക് 2014—15വരെ 1050000/- രൂപയാണ് ചെലവ്. 2015-16ൽ 600000/-രൂപ അടങ്കൽ കണക്കാക്കി തയ്യാറാക്കിയെങ്കിലും 330000രൂപ തൻവർഷം ചെലവഴിച്ചു.പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| സുമിത്ര,പൊറ്റയിൽ | 30000 |
| മണി,കളത്തിങ്കൽ | 90000 |
| ഷാജൻ,മുക്കണ്ടത്ത് തറയിൽ | 90000 |
| രാജേഷ്,പരപ്പിത്തറയിൽ | 30000 |
| ശിവദാസ്,പരപ്പിത്തറയിൽ | 130000 |

| | |
|---|---|
| ശാരദ വാസു,കാവുങ്കൽ | 60000 |
| ചന്ദ്രൻ,കുന്നത്ത് വളപ്പിൽ | 90000 |
| അമ്മിണി,താഴത്തേതിൽ | 130000 |
| വേലായുധൻ,കയനത്തറയിൽ | 130000 |
| ഷീജ,കാരയിൽ | 90000 |
| ഷൈലജ,മേനോത്ത് | 130000 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-15 ആശ്രയ പദ്ധതി-ഫലവത്താകുന്നില്ല.

2008-09 കാലഘട്ടത്തിൽ പഞ്ചായത്തിൽ ആരംഭിച്ച ആശ്രയപദ്ധതി ഒന്നാം ഘട്ടത്തിൽ ആകെ 73 ഗുണഭോക്താക്കളും ഒന്നാം ഘട്ടത്തിലെ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തി 2015-16 വർഷത്തിൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ 104 ഗുണഭോക്താക്കളുമാണുള്ളത്. ഇവരിൽ വീടിന് സ്ഥലം ആവശ്യമുള്ള 12 പേരിൽ ആർക്കും തന്നെ സ്ഥലം വാങ്ങി നൽകിയിട്ടില്ല. കൂടാതെ വീട് ആവശ്യമുള്ള 23 ഗുണഭോക്താക്കളിൽ 2 പേർക്ക് മാത്രമാണ് വീടിന് തുക അനുവദിച്ചത്. എന്നാൽ വീട് റിപ്പയറിംഗ് ആവശ്യമുള്ള 9 പേരിൽ 7 പേർക്കും തുക അനുവദിച്ചതായി കാണുന്നു. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകുന്നതിനും, ജനറൽ, SC, ST എന്നീ വിഭാഗങ്ങൾക്ക് മേൽ ആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രോജക്റ്റുകളിലെ ആദ്യ ഗുണഭോക്താക്കളായി ഇവരെ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-16 എം എൻ ലക്ഷം വീട് - തുക മുഴുവനായും ചെലവഴിച്ചിട്ടില്ല.

കേരള ഭവനനിർമ്മാണബോർഡ് ചീഫ് എഞ്ചിനീയറുടെ P 4/MNOLHS/2172/0/HB /Vol IV dated 11.10.11 പ്രകാരം 3800000/- രൂപ 48 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ലഭിച്ചു. വിശദാംശങ്ങൾ

40 General x75000 = 3000000

7 SC x 100000 = 700000

1 P H x100000 = 100000

ആകെ = 3800000

എന്നാൽ മേൽപ്പറഞ്ഞ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയില്ല.ആകെ 10(8 ജനറൽ, 2എസ് സി)ഗുണഭോക്താക്കൾ മാത്രമാണ് കരാർ വച്ച് പ്രവർത്തി തുടങ്ങിയത്. 3 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി.

പുന്നയൂർക്കുളം സർവീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം.3374 ൽ 3656415 രൂപ നിലവിൽ ബാക്കിയുണ്ട്. 7ഗുണഭോക്താക്കൾക്കാവശ്യമായ തുക കണക്കാക്കി അക്കൗണ്ടിൽ നിലനിർത്തിയശേഷം ബാക്കി തുക ഭവന നിർമ്മാണ ബോർഡിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-17 ക്ഷേമപെൻഷൻ -- രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

2015–16 സാമ്പത്തികവർഷത്തെ ക്ഷേമ പെൻഷൻ രജിസ്റ്ററുകളിൽ വേണ്ടത്ര വിവരങ്ങൾ ചേർത്തിട്ടില്ല.

അപേക്ഷകൾ അന്വേഷണത്തിന് നൽകിയ തീയതി, തിരികെ ലഭിച്ച തീയതി, ക്ഷേമകാര്യകമ്മറ്റി തീരുമാനത്തിന്റെ നമ്പർ,തീയതി എന്നിവ ചേർത്തിട്ടില്ല. ഭൂരിഭാഗം പെൻഷൻ അപേക്ഷകളും അനുവദിച്ചു എന്ന് മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. എന്നു മുതലാണ് പെൻഷൻ അനുവദിച്ചത് എന്ന വിവരം ചേർക്കാത്തതിനാൽ സമയബന്ധിതമായി പെൻഷൻ അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

രജിസ്റ്ററുകളിൽ എല്ലാ വിവരങ്ങളും ചേർത്ത് കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 പ്രൊഡക്ഷൻ ബോണസ് വിതരണം ചെയ്തിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ-- കൃഷി ഓഫീസർ

CB No 1/15-16/30.3.16 –100000

പരൂർ പാടശേഖരത്തിലെ 77 കർഷകർക്കായി 100000/- രൂപ പ്രൊഡക്ഷൻ ബോണസ് ഫെഡറൽ ബാങ്കിന്റെ അണ്ടത്തോട് ശാഖ വഴി വിതരണം ചെയുന്നതിനായിരുന്ന സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയത്.എന്നാൽ നാളിതുവരെ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. പൂർണ്ണമായും തുക വിതരണം ചെയ്ത സ്റ്റേറ്റ് മെന്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-19 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ ഓഫീസ് ആവശ്യങ്ങൾക്കായി വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.വാങ്ങുന്ന സാധനങ്ങൾ രജിസ്റ്ററിൽ ചേർത്ത് issued എന്ന് കാണിക്കുകയുമാണ് ചെയ്യുന്നത്.ബിൽ നം, സ്ഥാപനത്തിന്റെ പേര്, തീയതി എന്നിവ ചേർക്കുന്നില്ല. ആർക്കാണ് വിതരണം ചെയ്തത്, കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പ് എന്നിവ ഇല്ല.

ഓരോ ഇനങ്ങൾക്കും പ്രത്യേകം പേജ് നമ്പർ നൽകി ബിൽ നം,തീയതി എന്നിവ ചേർത്ത് സ്റ്റോക്കിലെടുക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ,കൈപ്പറ്റുന്ന വ്യക്തിയുടെ ഒപ്പ് സഹിതം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 3-20 വെറ്ററിനറി സർജൻ -- പദ്ധതി നടത്തിപ്പിലെ അപാകതകൾ

വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നം,തുക | അഭിപ്രായം |
|---|---|---|
| പശുപരിപാലനം എസ് സി വനിത(S0019/16) | P18/15-16/25.6.15 – 60000<br>P0 9/15-16 /20.1.16– 40000 | 5 ഗുണഭോക്താക്കൾക്ക് തുക നൽകി. എന്നാൽ കൈപ്പറ്റ് രസീതിലെയും, ബാങ്കിൽ നിന്ന് എടുത്ത ഡിഡി യുടെ കോപ്പിയിലേയും നമ്പർ വ്യത്യസ്തമാണ്. |
| പശുപരിപാലനം വനിത(S120/16) | P01/15-16/25.6.15 – 60000 | 4 ഗുണഭോക്താക്കൾക്ക് 15000 രൂപ വീതം നൽകി.ഗുണഭോക്തൃലിസ്റ്റ് ഇല്ല.വിലാസിനി,സുനിത പ്രദീപ് എന്നിവരുടെ കൈപ്പറ്റ് രസീതി ഇല്ല.കൈപ്പറ്റ് രസീതിലെയും, ബാങ്കിൽ നിന്ന് എടുത്ത ഡിഡി യുടെ കോപ്പിയിലേയും നമ്പർ വ്യത്യസ്തമാണ്. |
| കംപ്യൂട്ടർ വാങ്ങൽ(S052/16) | P03/15-16/12.8.15 – 50800(ഡിഡി നം.170237/ | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |

| | | |
|---|---|---|
| | 13.8.15--Keltron) | |
| | P20/15-16/16.3.16 – 1500(ഡിഡി നം.BSNL--Modem) | |
| | P05/15-16/11.11.15 – 7000(ഡിഡി നം.616732/ 18.11.15-- Sidco) | |
| കാലിത്തൊഴുത്ത് നിർമ്മാണം എസ് സി(S021/16) | P21/15-16/21.3.16 – 30000 | 5 ഗുണഭോക്താക്കൾക്ക് 15000/-രൂപ വീതം നൽകി.കൈപ്പറ്റ് രസീതിലെയും, ബാങ്കിൽ നിന്ന് എടുത്ത ഡിഡിയുടെ പകർപ്പിലും രണ്ട് വ്യത്യസ്ത നമ്പറാണ് ഉള്ളത്. 3 പേരുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല. |
| | P11/15-16/19.1.16 – 45000 | |
| കാലിത്തൊഴുത്ത് നിർമ്മാണം (S020/16) | P13/15-16/29.1.16 – 60000 | 17 ഗുണഭോക്താക്കൾക്ക് 10000രൂപ വീതം നൽകി.കൈപ്പറ്റ് രസീതിലെയും, ബാങ്കിൽ നിന്ന് എടുത്ത ഡിഡി യിലും രണ്ട് വ്യത്യസ്ത നമ്പറിലാണ് ഡിഡി നം. ഉള്ളത്.6 പേരുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല. |
| | P10/15-16/19.1.16 – 40000 | |
| | P22/15-16/21.3.16 -- 70000 | |
| ആട് പരിപാലനം വനിത(S022/16) | P17/15-16 /16.3.16 –50000 | 10000രൂപ വീതം 15 ഗുണഭോക്താക്കൾക്ക് നൽകി.എന്നാൽ പ്രത്യേകപർച്ചേസ് കമ്മറ്റി അംഗീകാരം,ഗുണഭോക്താക്കളുടെ അപേക്ഷ,ആടിനെ വിറ്റ വ്യക്തിയുടെ കൈപ്പറ്റ് രസീത് എന്നിവ ഇല്ല.ആയതിനാൽ ആരിൽ നിന്നാണ് ആടിനെ വാങ്ങിയത്,അവർക്കുതന്നെ തുക നൽകിയോ,യഥാർത്ഥത്തിൽ ആട് വിതരണം നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കൃത്യത എന്നിവ ഉറപ്പാക്കാനായിട്ടില്ല. |
| | P16/15-16/16.3.16 – 50000 | |
| | P12/15-16/20.1.16 – 50000 | |

കൈപ്പറ്റ് രസീതി അച്ചടിച്ച് ആവശ്യാനുസരണം ഒപ്പു വയ്പ്പിക്കുകയാണ് ഉദ്യോഗസ്ഥൻ ചെയ്തത്. തുക കൈപ്പറ്റുന്ന വ്യക്തിയിൽ നിന്ന് തന്നെ രസീതി എഴുതി വാങ്ങേണ്ടതാണ്. പല രസീതികളിലും അപേക്ഷകളിലും വിരലടയാളം മാത്രമാണുള്ളത്. പേരോ, മേൽവിലാസമോ ഇല്ല.ആയതിനാൽ രണ്ടും വ്യത്യസ്ത വ്യക്തികളാണെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.മാത്രമല്ല തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നൽകാതെ ഡിഡി ആണ് നൽകിയത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി കൂടുതൽ സമഗ്രമായ അന്വേഷണം ആവശ്യമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 81592 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 75000 | 6592 |

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

(1). 2015-16 ൽ ലഭിച്ച വായ്പ

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് പദ്ധതി | ജി.ഒ 1056/10 LSGD dtd 26.03.2010 | 3327500 | 145000 | 14000 | | 5000 |

4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| പ്രത്യേക അവലോകന റിപ്പോർട്ട് 2014-15 | 2014-15, 5.7.8 | 2013-14- വകയിരുത്തുന്ന തുക ചെലവഴിച്ചിട്ടില്ല | പരാമൃശം നിലനില്ക്കുന്നു. |
| | 2014-15, 5.7.10 | 2013-14,പടർന്നുപിടിക്കുന്ന കുളമ്പ് രോഗം | |
| | 2014-15, 5.7.12 | 2011-12-കാലിത്തീറ്റയുടെ വിലവർദ്ധനവ് കാരണം പദ്ധതി മാർഗ്ഗ നിർദ്ദേശം പാലിക്കാൻ കഴിയുന്നില്ല. | ,, |
| | 2014-15, 5.7.12 | 11-12, 12-13, 13-14 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗിക്കാത്ത കോടികൾ | ,, |
| | 2014-15, 5.7.12 | 11-12, 12-13, 13-14 പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | ,, |
| | 2014-15, 5.7.2 | മൃഗസംരക്ഷണ മേഖലയിലെ ചെലവഴിക്കൽ തൃപ്തികരമല്ല | ,, |

4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷ ത്തിലൊരിക്കൽ ചാർറ്റേഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പി ച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെട്ട വിച്ച വിവരം | ചാർട്ടേഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണ ക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | പി എച്ച് സി അണ്ടത്തോട് | 25.7. 2007 | 2005—06 2010--11 | 25.11.11 | 2010--11 | LFTS 715/2012 /1.8.12 | | 2010—11 to 2015—16 വരെ ഓഡിറ്റിന് നൽകിയിട്ടുണ്ട് |

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43274453 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58272808 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 291350 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 91350 | ശ്രീമതി.ലത കെ വി , സെക്രട്ടറി |
| 3-9 | 2,00,000 | ചിത്തരഞ്ജിനി കെ ബി , എച്ച് എം ,ജി എൽപി എസ്,പുന്നയൂർക്കുളം |
| ആകെ | 291350 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-10തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1970-71 | എൽ.എഫ്.ടി 272/75/ 15.04.75 | 2 | |
| 85-86, 86-87 | എൽ.എഫ്.ടി12- 310/92/ 01.01.93 | 18 | |
| 87-88 | എൽ.എഫ്.ടി12-1165/92/ 17.12.92 | 20 | |
| 88-89,89-90,90-91 | എൽ.എഫ്.ടി11- 275/94/ 30.09.94 | 24 | |
| 91-92 | എൽ.എഫ്.ടി11- 962/93 / 26.02.94 | 22 | |
| 92-93,93-94 | എൽ.എഫ്.ടി11-775/95/ 10.06.96 | 20 | |
| 94-95,95-96 | എൽ.എഫ്.ടി17-1764/99/ 30.03.00 | | |

| | | | |
|---|---|---|---|
| 96-97 | എൽ.എഫ്.ടി17-321/97/ 02.11.99 | | |
| 97-98 | എൽ.എഫ്.ടി17-340/99/ 04.05.99 | | |
| 98-99 | എൽ.എഫ്.ടി17-1713/00/ 06.02.01 | | |
| 99-00 | എൽ.എഫ്.ടി13-907/02/ 160.5.03 | | |
| 00-01,01-02 (പ്ലാൻ) | എൽ.എഫ്.ടി13-1399/03/ 06.04.04 | | |
| 00-01,01-02 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി13-1810/04/ 27.09.05 | | |
| 02-03 | എൽ.എഫ്.ടി13-739/05/ 17.01.06 | | |
| 03-04 | എൽ.എഫ്.ടി13-1268/08/ 14.12.09 | | |
| 04-05 | എൽ.എഫ്.ടി13-1269/08/ 14.12.09 | | |
| 05-06 | എൽ.എഫ്.ടി13-396/10/0 8.11.10 | | |
| 06-07 | എൽ.എഫ്.ടി13-397/10/ 16.11.10/27.05.11 | | |
| 07-08 | എൽ.എഫ്.ടി.പി.1-655/11/ 30.9.11/8.12.11 | | |
| 08-09 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 | | |
| 09-10 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 | | |
| 10-11 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 | | |

| | | | |
|---|---|---|---|
| 11-12 | എൽ.എഫ്.ടി.പി.4-744/13/ 23.8.13 | | |
| 12-13 | എൽ.എഫ്.ടി.പി8-253/14/ 20.08.14/29.10.14 | | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി8)-26/16/ 130.1.16/8.03.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി8)937/16 / 13.06.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8 )1845/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി 27.10.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അനുച്ഛേദം

വിശേഷണങ്ങൾ

1. പഞ്ചായത്തിന്റെ നാളിതുവരെയുള്ള ആസ്തി-ബാദ്ധ്യതകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

AUDIT CERTIFICATE

No.KSA-TSR(P8)1845/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 27.10.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Punnayoorkkulam Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Punnayoorkkulam Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

APPENDIX

Qualification

1. Assets and Liabilities are not yet ascertained and included in the Annual Financial Statement.
2. Demand Register of Property Tax were not produced for audit.

DEPUTY DIRECTOR

## അനുബന്ധം-2

## ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

സ്ഥാപനം: പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്.

വിസ്തീർണ്ണം -- 18.71ച.കീമി

ജനസംഖ്യ--- 31818

വാർഡുകളുടെ എണ്ണം --- 19

ആകെ ജീവനക്കാരുടെ എണ്ണം.--- 17.

സ്ഥിരം --- 18

താൽക്കാലികം-- nil

കരാറടിസ്ഥാനത്തിൽ --- nil

ആകെ .--- 18

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | വി.ജി.തുളസീദാസ് | ഓഡിറ്റ് ഓഫീസർ |
| 2 | ഹണി കെ എസ് | അസി.ഓഡിറ്റ് ഓഫീസർ |
| 3 | മോഹനൻ പി വി | അസി.ഓഡിറ്റ് ഓഫീസർ |
| 4 | ഫെമിന എ എ | ഓഡിറ്റർ |

| | | |
|---|---|---|
| 5 | സുമ വി കെ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി.ഫാത്തിമ ലീനസ് 01/04/2015മുതൽ 31/10/2015 വരെ

അഡ്ഹോക് കമ്മറ്റി 01/11/2015 മുതൽ 18/11/2015 വരെ
ശ്രീ.ഏ ഡി ധനീപ് 19/11/2015മുതൽ 31/03/2016 വരെ

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.തങ്കമണി വി കെ | 01/04/2015 – 02/05/2015 |
| ശ്രീ.ശങ്കരനാരായണൻ സി (ജൂനിയർ സൂപ്രണ്ട് -- അഡീഷണൽ ചാർജ്) | 03/05/2015 --- 17/05/2015 |
| ശ്രീമതി.മിനി കെആർ (അസി.സെക്രട്ടറി--- അഡീഷണൽ ചാർജ്) | 18/05/2015 – 22/07/2015 |
| ശ്രീമതി.ലത കെ വി | 23/07/2015 --- 31/03/2016 |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | മിനി കെആർ | 01/04/2015--- 18/08/2015 |
| | മൊഹമ്മദ് ഷെരീഫ് എം | 19/08/2015-- 31/08/2015 |
| | ജീമോൾ ജി | 01/09/2015-- 10/09/2015 |
| | ശങ്കരനാരായണൻ സി | 11/09/2015 --- 31/03/2016 |
| അസി.എഞ്ചിനീയർ | സരസ്വതി വി എസ് | 01/04/2015 ---31/03/2016 |
| കൃഷി ഓഫീസർ | സിന്ധു.കെ | 01/04/2015 ---31/03/2016 |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | ഡോ.റഷീദ് എ പി | 01/04/2015 ---31/03/2016 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.രാഖി എൻ | 01/04/2015 ---31/03/2016 |
| വെറ്ററിനറി സർജൻ | ഡോ.അരുൺ എം എം | 01/04/2015 – 31/03/2016 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശാന്ത റ്റി എസ് | 01/04/2015 ---31/03/2016 |
| എച്ച് എം ,ജി എൽപി എസ്,പുന്നയൂർക്കുളം | ചിത്തരഞ്ജിനി കെ ബി | 01/04/2015 ---31/03/2016 |
| വി ഇ ഒ (തൃപ്പറ്റ് സർക്കിൾ) | റ്റി ബി ശശിധരൻ | 01/04/2015 ---31/03/2016 |
| വി ഇ ഒ (അണ്ടത്തോട്,പുന്നയൂർക്കുളം സർക്കിൾ) | അംബുജാക്ഷി | 01/04/2015 – 31/07/2016 |
| വി ഇ ഒ (അണ്ടത്തോട്,പുന്നയൂർക്കുളം സർക്കിൾ) | ബാബു സി എ | 01/08/2015 – 31/03/2015 |

ഡെപ്യൂട്ടി ഡയറക്ടർ